"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- അച്ചടി വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.8/2025/PPAD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. 12/08/2024 ലെ സ.ഉ.സാധാ)നം.85/2024/SPD
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 21.08.2024 തീയതിയിലെ PTGD/2249/2023-G6 നമ്പർ കത്ത്
3. പ്ലാൻ പ്രയോററൈറ്റൈസേഷൻ 2024-25 മായി ബന്ധപ്പെട്ട് 17.12.2024 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
4. 04.02.2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

അച്ചടി വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിടനിർമ്മാണത്തിന് "4058-00-103-99" എന്ന പ്ലാൻ ശീർഷകത്തിൽ 2.16 കോടി രൂപയും, സർക്കാർ പ്രസ്സുകളുടെ ആധുനികവത്കരണം / യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന് " 4058-00-103-95 " ശീർഷകത്തിൽ 5.22 കോടി രൂപയും ഉൾപ്പെടെ ആകെ 7.38 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. പരാമർശം രണ്ട് യോഗതീരുമാന പ്രകാരം ടി തുകയിൽ 4.43 കോടി രൂപയാണ് അച്ചടിവകുപ്പിന് ആകെ അനുവദിക്കാവുന്നത്. ആയതിൽ പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള 2.27 കോടി രൂപ കിഴിച്ച്, അച്ചടിവകുപ്പിലെ 6 നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനായി അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് 04.02.2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനാൽ 2024-25 Plan prioritization യോഗ തീരുമാന പ്രകാരം അച്ചടി വകുപ്പിന് ഇനി അനുവദിക്കാവുന്ന ആകെ തുകയായ 2.16 കോടി രൂപയിൽ അച്ചടി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന 6 നിർമ്മാണ പ്രവൃത്തികൾക്കായി ആകെ 2,15,72,645/- രൂപയ്ക്ക് (രണ്ട് കോടി പതിനഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അറുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം)

ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | നിർമ്മാണ പ്രവൃത്തികൾ | തുക |
|---|---|---|
| 1 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ Toilet- ന്റെ പരിപാലനം കെട്ടിടങ്ങളിലെ ചോർച്ച പരിഹരിക്കൽ, അഗ്നി സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കൽ | 20,00,000/- |
| 2 | മണ്ണന്തല ഗവ. പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ ചോർച്ച പരിഹരിക്കൽ, പ്രസ്സ് കെട്ടിടത്തിന്റെ റീ - വയറിംഗ് | 1,10,10,000/- |
| 3 | തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാലയിലെ Toilet പുനർ നിർമ്മാണം | 5,00,000/- |
| 4 | മണ്ണന്തല ജില്ലാ ഫാറം സ്റ്റോറിലെ പോർട്ടിക്കോ നിർമ്മാണം | 4,00,000/- |
| 5 | ഷൊർണ്ണൂർ ഗവ. പ്രസ്സിലെ വിവിധ സെക്ഷനുകളിലെ റീ - വയറിംഗ് ജോലികൾ | 75,00,000/- |
| 6 | വാഴൂർ ഗവൺമെന്റ് പ്രസ്സ് കപ്പാസിറ്റർ ബാങ്ക് അപ്ഗ്രഡേഷൻ & പമ്പ് സെറ്റ് കേബിൾ re-placement | 1,62,645/- |
| | **ആകെ** | **2,15,72,645/-** |

ടി തുക "4058-00-103-99" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ് തിരുവനന്തപുരം.
2. അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 28-03-2025 11:37:56

സെക്ഷൻ ഓഫീസർ